# ദിവ്യബലി ഗീതങ്ങൾ

★

സെൻററ് ആൻറണീസ്
മോണസ്ററററി
ആലുവാ — 683101

PEEVEE Printers, Alwaye

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# ദിവ്യബലി ഗീതങ്ങൾ

(സെൻറ് ആൻറണീസ് മോണസ്റ്ററി,
ആലുവാ)

★

## പ്രാരംഭഗാനങ്ങൾ

### 1

സ്നേഹപിതാവിൻ ഭവനത്തിൽ
നാമെല്ലാവരുമണയുന്നു
മോക്ഷദമായ വിരുന്നിനായ്
രക്ഷകസവിധേയണയുന്നു.

അന്തിമഭോജനശാലയിലും
കാൽവരിമാമലവേദിയിലും
യേശുപിതാവിന്നേകിയതാം
യാഗാവർത്തന വേളയിതാ

ഗാഗുൽത്തായിലെ ദിവ്യബലി
ഈയൾത്താരയിൽ നിത്യബലി

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

താതാനിൻതിരുമുമ്പിലിതാ
കാഴ്ചയണച്ചീടുന്നുമുദാ

പാപം മോചിച്ചീടണമെ
താപം തീർത്തുതുണയ്ക്കണമെ
കൃപയും വരവും ശാന്തിസുഖം
നിത്യാനന്ദവുമേകണമെ.

2

സ്വർഗ്ഗത്തിൻ വാതിൽതുറന്നിതാ
സ്വർഗ്ഗീയദീപം പരന്നിതാ
മാനത്തിനാനന്ദ രാഗമായ്
മാലാഖമാരുടെ ഗാനമായ്

കർത്താവേ നിൻ സുവിശേഷത്തിൻ
സത്യവിളംബരം ചെയ്യുവാൻ (2)
നിഷ്കമീ താവകദാസരിൽ
നിസ്തുല ദാനങ്ങളേകണെ സ്വർഗ്ഗത്തിൽ....

പാടുവിൻ മാനവരെ മുദാ
ഭുവനം സർവ്വപ്രപഞ്ചമേ (2)

www.TheCMSIndia.org

നില്ക്കുന്നിതൽത്താരമുന്നിലായ്
ഭക്തിയോടെങ്ങടയെ വാഴ്ത്തുവാൻ
സ്വർഗ്ഗത്തിൻ....

## 3

നിത്യകവാടം തുറന്നാലും
ഭൂതലം നിന്നൊളി കാണട്ടെ (2)
തൈജസ പൂർണ്ണിമനീയെന്നും
താമസപാപമയം ഞങ്ങൾ (2)
നീക്കണമേ നിന്നാവരണം
നിൻമുഖമൊന്നിവർ കാണട്ടെ (2)
നിത്യകവാടം....

## 4

കാൽവരികണ്ടൊരു നിർമ്മല പൂജയിതാ
പറുദീസായുടെ പരമകവാടമിതാ
വാനവരായിരമായിരമാദരവായ്
പാരിലിറങ്ങിവണങ്ങി നമിക്കുന്നു

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വേദനതിങ്ങിയ ജീവിതഭാരവുമായ്
ഞങ്ങളിതാ നിൻസന്നിധിയണയുന്നു
സകലേശാ, നിൻ ദിവ്യകുമാരകനെ
കൈക്കൊണ്ടലിവൊടനുഗ്രഹമേകണമേ.

## 5

ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ്
ബലിയണച്ചു സ്വയം ബലിയണച്ചു

സൗഭാഗ്യദായകമാ ധർമ്മയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു
പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു

സർവ്വേശാ, പാവനമീപ്പൂജയാലേ
ഞങ്ങൾക്കു ജീവൻ പകർന്നിടേണം
മൃതരിൽ പ്രകാശം പരത്തിടേണം
നവശാന്തി ഭൂവിൽ വിതച്ചിടേണം.

ഗാഗുൽത്തമാമലതന്നിലണച്ചൊരു
പൂജ ഞാൻ കാണുന്നിതാ
എന്റെ പാപത്തിൻതീർപ്പിനും
ശോകത്തിൻ ശാന്തിക്കും
ലോകത്തിൻ നന്മയ്ക്കുമായി

ദൈവമെ നീയെനിക്കേകിയ
നന്മകൾക്കായ്
നന്ദിയോതിടുവാൻ
ഭുവിമാനവർ ചെയ്തിടും പാപത്താൽ
വന്നനിൻ
കോപമകന്നിടുവാൻ

മാമകരക്ഷകാ ഞാനുമെനിക്കുള്ളതാകവെ
നിൻസവിധെ
എന്റെ മാതാപിതാക്കൾക്കായ് സോദരന്മാർ
സഹവാസികൾ സ്നേഹിതർക്കായ്

മോക്ഷം പ്രാപിച്ചിടാൻ കാരാഗാരം
തന്നിൽ മേവിടുമാത്മാക്കൾക്കായ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ശിക്ഷാപാതയിൽക്കൂടി ഗമിച്ചീടും
മാനവർക്കായും ഞാൻ മോദമോടെ

രാജാക്കന്മാർ ഭരണാധിപന്മാർ
സഭാനേതാക്കൾ വൈദികന്മാർ
വേദബോധകർ കന്യകമാരവർക്കാകവേ
നന്മ വന്നീടുവാനായ്

രോഗികളാകുല പീഡിതർ മാമക
വൈരികളും ഗുരുവേ
തവദാനത്താൽ പൂരിതരാകുവാൻ
നീ തുണ ചെയ്യണമെ കൃപയാൽ.

## 7

ഈശോയേ, സ്നേഹനിധേ,
ദാസരിതാ വന്നരുകിൽ,
ആശിസ്സുകൾ അഖിലവും നീ
വീശിടുവാൻ കനിയണമേ.

ഇൻപമെഴും നിൻതിരുമെയ്
കുമ്പിടുവാൻ ആശയോടെ

www.TheCMSIndia.org

അൻപെഴും സക്രാരിയതിൽ
മുമ്പിലണഞ്ഞാദരവായ്.

വരമരുളാൻ കനിയണമേ,
വരഗുരുവേ, നരസുതനേ,
നരകുലത്തിൻ ത്രാണകനേ,
പരമനിധേ, മരിയസുതാ,

നാരികളിലഴകെഴമാ-
മേരിയുടെ തിരുമകനേ,
പാരിടത്തിൽ പ്രഭുവരനേ,
കൂരിരുളിൽ സൽപ്രഭയേ,

ശിഷ്യരെ നീ കാത്തതുപോൽ
ആശിസ്സുതന്നടിയനേയും
മൃത്യുവരെ കാത്തിടണേ;
നിത്യസുഖേ ചേർത്തിടണേ.

8

കാൽവരികുന്നിലെ സ്നേഹയാഗം
ദേവാലയത്തിൽ തുടർന്നിടുന്നു

www.TheCMSIndia.org

ഈ ദിവ്യയാഗത്തിൽ പങ്കുചേരാൻ
സ്വർഗ്ഗീയരൊക്കെയണഞ്ഞിടുന്നു.

(കാൽവരി)

സ്നേഹത്തിൻ കൂദാശയാണിതല്ലോ
ചേരികൾക്കൊന്നിനും സ്ഥാനമില്ല
സ്നേഹിക്കവേണം പരസ്പരം നാം
നാഥൻെറ കല്പനയാണിതെങ്ങും

(കാൽവരി)

സ്നേഹവിരുന്നിന്നണഞ്ഞിടുമ്പോൾ
കാണുന്നു ദേവാലയത്തിനുള്ളിൽ
ലോകവസാനത്തിൽ വന്നുചേരും
നിത്യവിരുന്നിൻെറ രൂപഭംഗി

(കാൽവരി)

## കാഴ്ചവയ്പ്പ്

## 9

നിത്യപിതാവേ കൈക്കൊള്ളണമേ
ഞങ്ങളണയ്ക്കും ദിവ്യബലി

www.TheCMSIndia.org

നിൻതിരുസുത നാമീശോവഴിയായ്
കൈക്കൊള്ളുണമീ ദിവ്യബലി

ഞങ്ങളെയൊന്നായ് നിൻതിരുമുമ്പിൽ
കാഴ്ചയണയ്ക്കുന്നാദരവായ്;
ദിവ്യനിണത്താൽ മർത്ത്യഗണത്തിൻ
മലിനതയെല്ലാം കഴുകണമേ

## 10

മോചനം മർത്ത്യനു നല്കുവാൻ
ജീവൻ സമർപ്പിച്ച നാഥാ
ഞങ്ങളണയ്ക്കുന്ന കാഴ്ചകൾ
കൈക്കൊണ്ടനുഗ്രഹമേകണേ

ഉരുകിയുറഞ്ഞ നിൻ പീഢയും
മൃതിയുമുയർപ്പിൻ പ്രസാദവും
നന്ദിയോടോർത്തു ജീവിതം
കാഴ്ചയണയ്ക്കുന്നു ഞങ്ങൾ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

## 11

സ്നേഹത്തിലൊന്നായ് ഞങ്ങൾ
ത്യാഗത്തിനൽത്താരയിൽ
ജീവാർപ്പണം ചെയ്യുവാൻ
കർത്താവേ, നിന്നിടുന്നു.

സ്വീകരിച്ചീടണമേ
ഞങ്ങൾതന്നർച്ചനകൾ
പാപികളാമിവരിൽ
ദാനങ്ങൾ തൂകീടേണേ
(സ്നേഹത്തിലൊ....

എന്നുമീയാഗപീഠേ
നിന്നുള്ളമായിടേണം
ദേവനെ നിൻ സുതരേ
ദ്യോവിൽ നീ ചേർത്തീടേണേ
(സ്നേഹത്തിലൊ....

## 12

കനിവോടെ സ്വീകരിക്കേണമേ
നിറയുമീ ജീവിതതാലത്തിൽ

www.TheCMSIndia.org

സന്തോഷസന്താപമാലിക
കനിവോടെ സ്വീകരിക്കേണമേ

വൈദികൻ തൻതിരുകൈകളിൽ
ഏന്തുന്ന പാവനപാത്രംപോൽ
നിർമ്മലമല്ലേലും ജീവിതം
അർച്ചനയാകേണം ദൈവമേ
(കനിവോടെ....

നീതിവ്യം ഞങ്ങളിലേകിടും
നിത്യസൗഭാഗ്യം നീ നൽകേണം
നേർവഴികാട്ടുക ഞങ്ങളെ
നിൻപാദതാരിതിൽ ചേർക്കണേ
(കനിവോടെ....

## 13

നാഥാ കാഴ്ചയിതാ; പാരിൻ കാഴ്ചയിതാ–
നിൻ
പാവനമാം പാദേ; മാനവ കാഴ്ചയിതാ
(നാഥാ....

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അപ്പമൊരുക്കിയ താലമതിൽ ചിര-
മർപ്പിതമാം മമ ജീവനിതാ
കനിഞ്ഞു കൈക്കൊള്ളണമേ നീ
കനിഞ്ഞു നല്കിയ ദാനമിതാ-ദാനമിതാ (2)
(നാഥാ....

വിഞ്ഞു നിറഞ്ഞൊരു കാസയിതിൽ ഞാൻ
നീർത്തുള്ളിയായ് മാറിടട്ടേ
സാഗരമാം തവ സ്നേഹമതിൽ
ജലകണമായ് ഞാൻ ലയിച്ചിടട്ടേ (2)
(നാഥാ....

## 14

അൾത്താരയിൽ വാഴും ദൈവമെ
സക്രാരിയിൽ വാഴും സ്നേഹമെ
ഞങ്ങളണച്ചിടും കാണിക്കകൾ
സ്വീകരിച്ചീടണേ സ്നേഹ താതാ
(അൾത്താര)

www.TheCMSIndia.org

നിന്നിലേക്കെന്നും അണയുവാൻ
നിൻ ജീവധാരയെ നുകരുവാൻ
വരുന്നു ഞങ്ങൾ വരുന്നു ഞങ്ങൾ
നിന്നിലേക്കഭയം തേടുവാൻ
(അൾത്താര)

ജീവിത താലത്തിലേന്തുന്ന
ജീവന്റെ അപ്പവും മുന്തിരിയും
കൈയേററു കൊള്ളണെ കാരുണ്യവാരിധേ
ഞങ്ങളണക്കുമീ കാണിക്കകൾ
(അൾത്താര)

## 15

ശക്തനും നിത്യനുമാം-കർത്താവേ
അങ്ങേ മുൻപിൽ
അപ്പവും വീഞ്ഞുമിതാ-കാഴ്ചവക്കുന്നു
ഞങ്ങൾ

ഈ ബലിവസ്തുക്കൾ നീ-സ്വീകരി
ച്ചിമ്പമോടെ
നിൻ മാംസ രക്തങ്ങളായ്-മാററണെ
മഞ്ജു നാഥാ

www.TheCMSIndia.org

ആത്മശരീരങ്ങളും—ഞങ്ങൾ തൻ

സർവ്വസ്വവും

കൈക്കൊണ്ടനുഗ്രഹിക്ക—അങ്ങേതായി

തീർത്തരുൾക.

(ശക്തരും)

16

സ്വീകരിക്കേണെ പിതാവേ
അദ്ധ്വാനത്തിൻ ഫലങ്ങൾ
കനിവാർന്നു കൈ കൊണ്ടാലും
സ്നേഹത്തിൻ അടയാളമായ്

(സ്വീകരി)

ഞങ്ങൾ സമർപ്പിക്കുമപ്പത്തെ നിൻ
പൂജ്യശരീരമായ് മാററീടണെ
ഞങ്ങൾതൻ മുന്തിരിചാറിനെയും
അങ്ങേ രക്തമായ് മാററീടണെ

സ്വീകരിച്ചാലും ഭൂവിൻ ഫലങ്ങളും

അർച്ചനാദ്രവ്യങ്ങളും

(സ്വീകരി)

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഓശാന

## 17

ഓശാന
ദാവീദിൻസുതന്ന്
ഓശാന–ഓശാന–ഓശാന

പരിശുദ്ധൻ പരിശുദ്ധൻ പരമശക്തൻ
നിരന്തരം മുഴങ്ങുന്നു വാനിലേവം
ഇഹപരമഖിലവുമഖിലേശ്വരാ
മഹിമയാൽ നിറയുന്നു നിരുപമമേ

അഴകകഴമംബരസീമകളും
ആഴികൾ ചൂഴുമീഭൂതലവും
മാമലയാറുകൾ മാമരങ്ങൾ
പ്രിയംകരംപാടുന്നു സംഗീതങ്ങൾ

പരിമളമൊഴുകും മലർനിരകൾ
തേനൊളിതിരളുമാ പൂങ്കനികൾ
മഞ്ഞണി മരതകതൃണതലങ്ങൾ
പാടുന്നു കോമളഗീതകങ്ങൾ

www.TheCMSIndia.org

## 18

പാവനൻ പാവനൻ
പാവനനാം നീ
വാനവരായിരം
ആലപിക്കുന്നു

ഭൂവിലും നിന്നുടെ മഹിമകൾ നിതരാം
നിരയായ്ചേർന്നു വാഴ്ത്താം ഞങ്ങൾ

ദാവീദിൻതിരുസുതനോശാന
ദൈവികനാമവുമായ് വരുവോനെ

## 19

ദൈവത്തിൻ നാമത്തിൽ
വന്നവനെ വാഴ്ത്തിടുവിൻ
ഓശാന–ഓശാന–ഓശാന

കനകപ്പൂങ്കതിരുകൾ വീശി
കനിവോലും പുഞ്ചിരിതൂകി (2)

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

മേഘത്തേരേറിവരുന്ന
രക്ഷകനീശോ (2)

ദൈവത്തിൻ വത്സലപുത്രൻ
ദാവീദിൻ നിർമ്മലതനയൻ
ഉന്നതനാം രാജമഹേശൻ
മിശിഹാരാജൻ

പരിശുദ്ധൻ ദൈവകുമാരാ
ബലവാനാം നിത്യകുമാരാ
ഭൂലോകം നിൻകതിരൊളിയാൽ
നിറഞ്ഞുനിൽപ്പൂ

## 20

ഓശാന ഉന്നതങ്ങളിൽ-ഓശാന
രാജരാജനായ്
വാനദൂതരോട്ട ചേർന്നു പാടിടാം-
വാനനാഥനേശു രാജരാജനായ്
(ഓശാന)

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ദാവിദിൻെറ സൂനുവിനു് പാടിടാം
ദൈവനാമത്തിൽ വരുവോൻ ധന്യനാം
സേനകൾക്കീശനാം പരൻ

പാവനൻ പാവനന്നിദം
ദൂത സഞ്ചയങ്ങളാൽ പ്രകീർത്തിതൻ
മോദമോടെ പാടി വാഴത്തുകങ്ങേനാം.

(ഓശാന)

## 21

ഓർസലേം നാട്ടിൽ ദാവിദിൻ സുതനു്
ഓശാന പാടിയ മാനവഗണമേ
ഗാഗുൽത്താമലയിൽ ക്രൂശിതനായൊരു
ദൈവപുത്രനു് ഗീതികൾ പാടൂ

ഓശാന–ഓശാന–ഓശാന
ഓശാന–ഓശാന-ഓശാന-ഓശാന

ഉന്നത രാജ്യേ വാണിടും നാഥനു്
വാനവർ ഗീതികൾ പാടിടുമ്പോൾ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കർത്താവിൻ നാമത്തിൽ വന്നവനെ
ഓശാന പാടി പുകഴ്ത്തിടുന്നു.

ഓശാന-ഓശാന-ഓശാന-
ഓശാന-ഓശാന-ഓശാന-ഓശാന

## 22

ദൈവമെ അവിടന്നു് പരിശുദ്ധൻ
ബലവാനേ അവിടന്നു് പരിശുദ്ധൻ
സ്രഷ്ടാവേ അവിടന്നു് പരിശുദ്ധൻ
മിശിഹായെ അവിടന്നു് പരിശുദ്ധൻ
(ദൈവമെ)

മാലാഖമാർ നിന്നെ വാഴ്ത്തുന്നു
മംഗളഗീതങ്ങൾ പാടുന്നു
സർവ്വചരാചരം നിൻമുൻപിൽ
സർവ്വസമർപ്പണം ചെയ്തിടുന്നു.
(ദൈവമെ)

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 23

മാനത്തുനിന്നു പൊഴിച്ച ദൈവം
മാലാഖമാരുടെ അപ്പം
സ്വർഗ്ഗീയമന്നയാമപ്പം
ജീവിതഭോജ്യമാമപ്പം

സ്വന്തം ജനത്തിന്നു നാഥൻ
സ്നേഹമോടേകിതൻമാംസം
സ്വർഗ്ഗം തുറന്നിങ്ങു വന്നു
സ്വന്തം നിണം ചിന്തിയല്ലൊ

ഈയപ്പം ഭക്ഷിക്കും മർത്യൻ
നിത്യമായ് ജീവിക്കുമല്ലൊ
ദൂരെയകന്നുപോം മൃത്യു
ജീവൻെറ ജീവനിൽ വാഴും

## 24

വാനിൽമേവും സുരഭോജനം നീ
ഭുവനാഗതസുധ നീ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മർത്ത്യരക്ഷ നീ മാനവരാശിതൻ
അക്ഷയാത്മനിധി നീ
ജീവശക്തിനീ വിശ്വദീപ്തിനീ
ലോകമഹാപ്രഭുനീ
പൂജ്യപൂജ്യനാം രാജരാജനാം
മഹാത്മസദ്ഗുരുനീ
പാപമോക്ഷംനീ പുണ്യതീർത്ഥംനീ
ചിദാനന്ദവിഭുനീ
ദീനബന്ധു നീ സ്നേഹസിന്ധു നീ
മാമകാത്മപ്രഭു നീ.

## 25

സ്വർഗ്ഗീയ വീണകൾ മീട്ടു നീങ്ങൾ
വിണ്ണിലെ മാലാഖമാരെ
നിങ്ങളോടൊത്തിതാ മന്നിൽ ഞങ്ങൾ
പാടുന്നു സ്നേഹസംഗീതം ആ....

ആരാധിക്കുന്നിതാ നാഥാ ഞങ്ങൾ
ആദരവോടെ നിൻ മുമ്പിൽ

www.TheCMSIndia.org

ആകാശവാതിൽ തുറക്കൂ നാഥാ
നിൻദീപ്തി കാണട്ടെ ഞങ്ങൾ

ദുഃഖത്തിൻമുൾമുടി ചൂടിയ നാഥൻ
വാഴുന്നു ദേവാലയത്തിൽ
ഭൂമിയിലേകാകിയല്ലോ മർത്യ
സ്നേഹത്തിനായുള്ള ദാഹം

കാൽവരിക്കുന്നിലെ ത്യാഗത്തിൻ
വേദിയിൽ
കാണുന്നു നിൻ യാഗരംഗം
കാരുണ്യനാഥാ നിൻസ്നേഹം ഞങ്ങൾ
കാണുന്നു ഭൂലോകമെങ്ങും

26

സ്വർഗ്ഗത്തിൻനിന്നും പിതാവിൻ
പ്രിയസുതൻ
സ്വർഗ്ഗീയ സന്ദേശമേകാൻ
മഹിയിലിറങ്ങി മനുജരിലെന്നും
മധുരിമതൂകിവസിപ്പൂ ആ....

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ഭുവിലനശ്വരദീപം കൊളുത്തുവാൻ
സ്നേഹം പകരുന്ന ദേവാ
പ്രത്യാശയോടെ നിൻ പാവനദാനം
പാടിപ്പുകഴ്ത്തുന്നു ഞങ്ങൾ (2)

വിണ്ണിലെ മംഗല്യകാലത്തിലെങ്ങിനെ
മണ്ണിൻകളങ്കം പതിഞ്ഞു
വിശ്വാസമാം മണിവീണയിലാദ്യമായ്
എങ്ങുമപസ്വരം വന്നു (2)

## 27

സ്വർഗ്ഗത്തിൽനിന്നവരോഹണം ചെയ്തതാം
അക്ഷയാജീവനുള്ളപ്പമാം ഞാൻ

സസ്നേഹം മാമക ചാരത്തണഞ്ഞെന്നെ
കൈക്കൊള്ളുന്നോരെന്നും ജീവിക്കും
മോക്ഷത്തിൻ രാജ്യാവകാശികളായെന്നും
രക്ഷകൻ ശിഷ്യന്മാരോടരുളി

നാഥാ നിൻ തൃപ്പാദസേവനം ചെയ്തിട്ടും
മാലാഖമാരെല്ലാം ഭക്തിയോടെ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നില്ക്കുന്ന താവക മാംസവും രക്തവും
അർപ്പണം ചെയ്യുമൾത്താരയിങ്കൽ

പാപവിമോചനം നേടുവാനേശുവിൻ
പാവനമേനി വിനയമോടെ
ഭാഗി.ച്ചിട്ടുന്നൊരു വൈദികനെയവർ
ആവേശമോട്ടററു നോക്കിടുന്നു

പശ്ചാത്തപിച്ചിട്ടും പാപികൾക്കായിഹാ
വാതിൽതുറന്നിട്ടു കാത്തിരിക്കും
കാരുണ്യമൂർത്തിയാമീശോയെ നീതിയാം-
വാതിൽ ഞങ്ങൾക്കായ് തുറക്കണമേ

## 28

വാവാ യേശു നാഥാ വാവാ സ്നേഹനാഥാ
ഹാ എൻ ഹൃദയം തേടിടും സ്നേഹമേ നീ

നീയെൻ പ്രാണനാഥൻ നീയെൻ
സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പാരിലില്ലിതുപോൽ വാനിലില്ലിതുപോൽ
നീയൊഴിഞ്ഞുള്ളൊരാനന്ദം
ചിന്തിച്ചീടാൻ

പൂക്കൾക്കില്ല പ്രഭ തേൻമധുരമല്ല
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല

വേണ്ട പോകരുതേ നാഥാ നില്ക്കേണമേ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു
പൂമണ്ഡപം

ആധിചേരുകില്ലും വ്യാധിനോവുകില്ലും
നീയരികിലെന്നാലെനിക്കാശ്വാസമേ

ശാന്തിയിൽ നീന്തി നീന്തി
കാന്തിയിൽ മുങ്ങി മുങ്ങി
നിന്നിൽഞാനുമേ എന്നിൽനീ
ഇങ്ങനെ നാം

## ദിവ്യകാരുണ്യ സ്വീകരണശേഷം

## 29

തിരുശരീരവും ദിവ്യരക്തവും
കൈകൊണ്ട ഞങ്ങളിൽ കനിഞ്ഞീടേണമേ
(തിരുശരീര)

ദിവ്യകർമ്മം കണ്ട കണ്ണുകൾ
സ്വർഗ്ഗരാജ്യ കാന്തിയിൽ മയങ്ങണം
ദിവ്യഗാനം കേട്ട കാതുകൾ
വാനിടത്തിലാനന്ദവാണി കേൾക്കണം
(തിരുശരീര)

## 30

കർത്താവേ സർവ്വലോക പാലകാ
നിൻ ശരീരവും രക്തവും
സ്വീകരിച്ചിതാമിക്കരങ്ങളെ
ശക്തമാക്കുക നായകാ
എന്നുമെന്നും ഫലങ്ങളർപ്പിക്കാൻ
യോഗ്യരാക്കുക ഞങ്ങളെ
(കർത്താവേ)

നിത്യവും പരിശുദ്ധമാകുമി
നിസ്തുലാലയം തന്നിലായ്
സ്തോത്രം പാടിട്ടമെന്നധരങ്ങൾ
നിന്റെ ദിവ്യസ്തുതികളെ

പാടിടാനേവം ശക്തി നല്കണേ
സ്നേഹരാജാവേ രക്ഷകാ
(കർത്താവേ)

## 31

നിൻദിവ്യരക്തശരീരങ്ങൾ
കൈക്കൊണ്ടു ധന്യരായിതാ
ആനന്ദഗാനങ്ങൾ പാടുന്നു ഞങ്ങൾ
ആരാധ്യനാമം വാഴ്ത്തിടുന്നു

ദിവ്യകർമ്മങ്ങൾ കണ്ട കണ്ണുകൾ
ധന്യമായ്മോദം പുണർന്നുനിൽപ്പൂ
സ്വർല്ലോകതന്ത്രികൾ മീട്ടിയ നാവുകൾ
സന്തോഷഗാനം പൊഴിഞ്ഞിടുന്നു

നിൻദിവ്യരാജ്യത്തിലെത്തിടുമ്പോൾ
ഞങ്ങളേയും നീയോർത്തിടേണം
മാലാഖമാരൊത്തു സന്തതമങ്ങേ
ഗീതങ്ങൾ പാടാൻ വരം തരേണം

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

## 32

നിൻദിവ്യരക്തശരീരങ്ങൾ
ഞങ്ങൾക്കു നൽകിയ നാഥാ
സ്വർഗ്ഗത്തിൽ നിത്യമായ്
നിൻമുഖം കാണുവാൻ
ഭാഗ്യമേകണേ

നന്ദിയോടങ്ങയെ വാഴ്ത്തുവാൻ
ഞങ്ങൾക്കനുഗ്രഹമേകണേ
നിത്യവുമങ്ങയെ കാണുവാൻ
സ്വർഗ്ഗത്തു ഞങ്ങളെ ചേർക്കണേ

## 33

ഏശുവിന്നാത്മാവേ
എന്നെ ശുദ്ധീകരിക്കണമെ
ഏശുവിൻ ശരീരമേ
എന്നെ രക്ഷിച്ചരുളണമെ

ഏശുവിൻ തിരുനിണമെ
എന്നെ ലഹരിയിലാഴ്ത്തണമെ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഏശുവിൻ ഹൃത്തടജലമേ
എന്നെ നിത്യം കഴുകണമെ

യേശുവിൻ പീഠകളെ
എന്നെ സുധീരനാക്കണമെ
നന്മതൻ നിറകുടമേ
എൻെറ പ്രാത്ഥന കേൾക്കണമെ

നാഥാനിൻതിരുമുറിവിൽ
എനിക്കഭയം നൽകണമെ
മേലിൽ വേർപിരിയാതെ
എന്നെ അങ്ങിൽ ചേർക്കണമെ.

## 34

എത്ര മാധുര്യം—എത്ര മാധുര്യം!
സ്നേഹപാ—ത്രമേശുനാ—യകാ—നിൻ
സ—ന്നിധാനമെ. (എത്ര)

ആധികളില്ല—ആകുലമില്ല,
പരമാ—നന്ദപരിപൂ-ർണ്ണ നിൻെറ
സ-ന്നിധിയിങ്കൽ (എത്ര)

www.TheCMSIndia.org

ഭാരം വഹിച്ചു പാരം വലയും
നരനാ-ശ്രയവു-മാ-ശ്വാസവും
നി-ന്തിരുമുമ്പിൽ (എത്ര)

ദാഹം തീർത്തിട്ടും-ജീവജലധി,
സ്വർഗ്ഗലോ-കേ നിന്നു വ-ന്ന ദിവ്യ
മ-ന്നതൻ മുമ്പിൽ. (എത്ര)

ആളും സ്നേഹാഗ്നി-ച്ചൂളയാം ഹൃത്താർ
തുറന്നാ-രെയും സംപ്രീ-തിയോടെ
സ്വീ-കരിപ്പതാർ? (എത്ര)

എൻെറ സ്നേഹമേ! എൻെറ ദൈവമേ!
നീമാ-ത്രമെൻ മനമോ-ഹനപരി-
പാ-വനഭാഗ്യം. (എത്ര)

## മററവസരങ്ങളിൽ

## 35

യേശുനായകാ ജീവദായകാ
ഭാരതഭാവുകദാതാ

www.TheCMSIndia.org

സ്നേഹഗായക മാനസമുരളിയിൽ
മീട്ടുക നിൻ ശ്രുതി പാരിൽ

നീയേ നീതി നിലയം
നീയേ നേരിൻ നിറവാം
നീയേ മാനവമാനസ ധർമ്മം
നീയേ ജീവിതസാരം

തീരാനിന്നവതാരം
തോരാനിന്നകയുറവും
നേരാം പാവന മാനസഗതിയും
ആരാലഭയം ദേവാ

## 36

എല്ലാം നിനക്കേകാം
ഏശുവിൻ ദിവ്യഹൃദയമേ
എല്ലാം നിനക്കേകാം

എൻ മനചിന്തകളോർമ്മകളും
എൻവചനങ്ങളും ചെയ്തികളും

www.TheCMSIndia.org

എന്നുൾത്താരതിന്നാശകളും
നിന്നുടെ ഉന്നതമഹിമക്കായ്

ഒളിവായ് സർവ്വചരാചരത്തിൻ
ഉള്ളിൻ പൊരുളാം സകലേശാ
ഉള്ളിന്നുള്ളിലെ സ്നേഹാമൃതം
കൊള്ളണം നിൻ തിരുഹൃദയത്തിൽ

## 37

വെളിച്ചം തരേണമേ (2)
നിത്യമാം പ്രകാശമേ
വെളിച്ചം തരേണമേ

എന്നുള്ളിൽ നിരന്തരം
വസിക്കും നിൻരൂപം ഞാൻ
ദർശിപ്പാൻ വിശ്വാസത്തിൻ
വെളിച്ചം തരേണമേ

എന്നെ നീ കാണുന്നപോൽ
എന്നെ ഞാൻ കാണുവാനായ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

## Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org